SUNDAY 21.07.2024 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 21/07/2024

1. കേരള കാർഷിക സർവകലാശാലയുടെ കരമന നെടുങ്കാട് സ്ഥിതിചെയ്യുന്ന സംയോജിത കൃഷി സമ്പ്രദായ കേന്ദ്രത്തിൽ (ഐ.എഫ്.എസ്.ആർ.എസ്.) നിറപുത്തരി കൊയ്ത്തുത്സവാഘോഷത്തിനുള്ള നെൽക്കതിർ (ചതുരശ്രമീറ്ററിന് 100 രൂപ നിരക്കിൽ), കതിർക്കെട്ടുകൾ (അയർ) വലുപ്പം അനുസരിച്ച് 250 മുതൽ 2000 രൂപ വരെ വില്പനയ്ക്ക് ജൂലൈ മാസം അവസാന വാരം മുതൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2343586 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. പട്ടികവർഗ്ഗത്തിൽപ്പെട്ട തൊഴിൽ രഹിതർക്ക് തൊഴിൽ സംരംഭം തുടങ്ങാൻ പട്ടികവർഗ്ഗ വികസന വകുപ്പും പൊതുമേഖലാസ്ഥാപനമായ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയും സംയുക്തമായി ചേർന്ന് സംശുദ്ധവും സംപുഷ്ടവുമായ എംപിഐയുടെ ഇറച്ചിയും ഇറച്ചി ഉൽപ്പന്നങ്ങളുടെയും വിപണനം നടത്താനുള്ള ഷോപ്പുകൾ സ്ഥാപിച്ചു നൽകുന്നു. ഒരു ഗുണഭോക്താവിന് സൗജന്യമായി 3 ലക്ഷം രൂപയുടെ മുതൽമുടക്കിലാണ് മീറ്റ് ഷോപ്പുകൾ സ്ഥാപിച്ചു നൽകുന്നത്. പ്രവർത്തന മൂലധനവും വാടകമുറിക്കുള്ള സെക്യൂരിറ്റി തുകയും ഇതിൽ ഉൾപ്പെടും. വൈദ്യുതി കണക്ഷനുള്ള 100 Sq m വിസ്തീർണ്ണമുള്ള കടമുറി വാടകയ്ക്കോ സ്വന്തമായോ ഗുണഭോക്താവ് കണ്ടെത്തി അറിയിക്കണം. ആകെ 10 പേർക്കാണ് ഇപ്പോൾ ഈ ആനുകൂല്യം നൽകുന്നത്. അപേക്ഷകൾ അതത് ജില്ലകളിൽ ഡെവലപ്മെൻറ് ഓഫീസറുടെ ശുപാർശകളോടെ ലഭിക്കേണ്ട അവസാന തീയതി 31/07/2024. കൂടുതൽ വിവരങ്ങൾക്ക് അസിസ്റ്റൻ്റ് മാനേജർ (മാർക്കറ്റിംഗ്), എം പി ഐ ലിമിറ്റഡ്, എടയാർ പി.ഒ, കൂത്താട്ടുകുളം. കൂടുതൽ വിവരങ്ങൾക്ക് 8281110007 എന്ന ഫോൺ നമ്പറിലോ mpiedayarmkt@gmail.com എന്ന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഇമെയിൽ വിലാസത്തിലോ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക.

3. പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഉൽപാദിപ്പിച്ച സങ്കരയിനം തെങ്ങിൻ തൈകളും, നാടൻ തെങ്ങിൻ തൈകളും, കവുങ്ങിൻ തൈകളും വിൽപനക്ക് തയ്യാറായിട്ടുണ്ട്. ആവശ്യക്കാർക്ക് രാവിലെ ഒമ്പത് മുതൽ വൈകിട്ട് മൂന്ന് മണി വരെ കേന്ദ്രത്തിലെ സെയിൽസ് കൗണ്ടറിൽ തൈകൾ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 0467 2260632, 8547891632 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. ക്ഷീരവികസന വകുപ്പിൻ്റെ വാർഷിക പദ്ധതി 2024-2025 എംഎസ്ഡിപി പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷീരലയം യൂണിറ്റിനുള്ള അപേക്ഷകൾ ക്ഷണിച്ചു. തോട്ടം മേഖലയിലെ തൊഴിലാളികളുടെ വരുമാന വർദ്ധനവിനായി ക്ഷീരവികസന വകുപ്പ് ഇടുക്കി ജില്ലയിൽ പ്രത്യേകമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. വകുപ്പിന്റെ നേതൃത്വത്തിൽ ക്ഷീരസഹകരണ സംഘങ്ങളുടെ സഹകരണത്തോടെ ലയത്തിലെ തൊഴിലാളികൾക്ക് കാലികളെ വളർത്തുന്നതിനാവശ്യമായ തൊഴുത്ത് നിർമ്മിക്കുന്നതിനും കാലികളെ വാങ്ങുന്നതിനും അവയെ പരിപാലിക്കുന്നതിനുമുള്ള പദ്ധതിയാണ് ക്ഷീരലയം. ഒരു ക്ഷീരലയത്തിന് 11 ലക്ഷം രൂപയാണ് വകുപ്പ് ധനസഹായം വകയിരുത്തിയിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള ക്ഷീരവികസന യൂണിറ്റുമായി ബന്ധപ്പെടുക.

### പരിശീലന പരിപാടി

5. റബ്ബർതോട്ടങ്ങളിലെ ഇടവിളക്കൃഷിയിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഓൺലൈൻ പരിശീലനം നടത്തുന്നു. 2024 ജൂലൈ 23 -ന് രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

6. ശാസ്ത്രീയ പശു പരിപാലനത്തിൽ പരിശീലനം ബേപ്പൂർ നടുവട്ടം ക്ഷീര പരിശീലന കേന്ദ്രത്തിൽ ജൂലൈ 22 മുതൽ 26 വരെ മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലെ ക്ഷീരകർഷകർക്ക് ശാസ്ത്രീയ പശുപരിപാലനത്തിൽ പരിശീലനം നൽകുന്നു. താത്പര്യമുള്ളവർ ജൂലൈ 21 ന് വൈകീട്ട് അഞ്ചിന് മുമ്പായി 9645922324, 9048376405 എന്നീ ഫോൺ നമ്പറുകൾ മുഖാന്തരമോ നേരിട്ടോ പേര് രജിസ്റ്റർ ചെയ്യണം. ആധാർ കാർഡിന്റെയും ബാങ്ക് പാസ്സ് ബുക്കിന്റെയും പകർപ്പുകൾ പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. ദിനബത്ത, യാത്രാബത്ത എന്നിവ ലഭിക്കുന്നതാണ്.

7. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് ജൂലൈ 24 മുതൽ 26 വരെയുള്ള തീയതികളിൽ നടക്കും. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

8.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം